<u>ഭരണഭാഷ - മാതൃഭാഷ</u>

NO TO DRUGS

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കന്ററി വിഭാഗം
ജഗതി, തിരുവനന്തപുരം
ഇ-മെയിൽ - jdacad@gmail.com
ഫോൺ : 0471-2580738

**നമ്പർ : HSE/5936/2025-ACD SPL4** **തീയതി : 23-10-2025**

## <u>സർക്കുലർ</u>

| | |
|---|---|
| വിഷയം : | പൊ.വി.വ - ഹ.സെ.വി - ഹയർ സെക്കണ്ടറി റെഗുലർ സ്കൂൾ വിദ്യാർത്ഥികൾക്ക് സ്കോൾ കേരള മുഖേന അഡീഷണലായി മാത്തമാറ്റിക്സ് വിഷയം മാത്രം രജിസ്റ്റർ ചെയ്ത് പഠിക്കുന്നതിനുള്ള അവസരം - സംബന്ധിച്ച്. |
| സൂചന : | 1. സ.ഉ.(സാധാ) നം. 1708/2025/G.EDN തീയതി 01.03.2025<br>2. സ്കോൾ കേരള എക്സിക്യൂട്ടീവ് ഡയറക്ടരുടെ 09.10.2025 ലെ എ4/3783/23/സ്കോൾ കേരള നമ്പർ പ്രവേശന വിജ്ഞാപനം. |

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കേരള സംസ്ഥാന ഹയർ സെക്കൻഡറി ബോർഡിനു കീഴിൽ ഹ്യൂമാനിറ്റീസ്, കൊമേഴ്സ് ഗ്രൂപ്പുകളിൽ ഇക്കണോമിക്സ് ഒരു വിഷയമായിട്ടുള്ള വിവിധ വിഷയ കോമ്പിനേഷനുകൾ തെരഞ്ഞെടുത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി സ്കോൾ-കേരള മുഖേന അഡീഷണലായി മാത്തമാറ്റിക്സ് വിഷയം മാത്രം രജിസ്റ്റർ ചെയ്ത് രണ്ടു വർഷം പഠിച്ച് ഹയർ സെക്കൻഡറി പരീക്ഷ എഴുതുന്നതിനുള്ള അവസരം താൽപ്പര്യമുള്ള ഒന്നാം വർഷ ഹയർസെക്കന്ററി വിദ്യാർഥികൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

ഹയർസെക്കന്ററി അഡീഷണൽ മാത്തമാറ്റിക്സ് കോഴ്സിൻ്റെ **2025-27** ബാച്ചിലേയ്ക്കുള്ള ഒന്നാം വർഷ പ്രവേശനത്തിന്റെ അപേക്ഷ **10.10.2025** തീയതി മുതൽ ഓൺലൈനായി സമർപ്പിക്കാവുന്നതും പിഴയില്ലാതെ **31.10.2025** വരെയും **100/-** രൂപ പിഴയോടുകൂടി **15.11.2025** വരെയും ഫീസ് അടക്കാവുന്നതാണ്. ടി രണ്ട് വർഷ കോഴ്സിന്റെ ഫീസായ **1500/-** രൂപ ഒറ്റത്തവണയായി ഒടുക്കേണ്ടതുണ്ട്. **www.scolekerala.org** എന്ന വെബ്സൈറ്റ് മുഖേന ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യുന്നതിന് ക്രമീകരണം ഒരുക്കിയിട്ടുണ്ട്.

Signed by
Shajitha S
Date: 23.10.2025 17:03:55

**ജോയിന്റ് ഡയറക്ടർ (അക്കാദമിക്)**
**(പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി)**

**<u>പകർപ്പ്</u>**

എല്ലാ ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കും